(*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധികവായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. *** കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു.)

സംസ്ഥാനത്തിന്റെ പൊതുകടം

15(278) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം, ആകെ കടം, ആളോഹരികടം എന്നിവ എത്രയായിരുന്നു; വിശദാംശം നൽകാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-3-2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയും കടബാധ്യത 1,57,370.33 കോടി രൂപയുമായിരുന്നു. ഇത് പ്രകാരമുള്ള ആളോഹരി കടം 46,078.04 രൂപയായിരുന്നു.

(ബി) 2021 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം, ആകെ കടം, ആളോഹരികടം എന്നിവ എത്രയാണെന്ന് അറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക് പ്രകാരം 31-3-2021 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയും കടബാധ്യത 2,99,724.15 കോടി രൂപയും ആളോഹരി കടം 86092.99 രൂപയുമാണ്.

വികസനവഴികൾ എന്ന പരിപാടിയുടെ സംപ്രേഷണം

16(279) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വികസനവഴികൾ എന്ന പേരിൽ ദൃശ്യമാധ്യമങ്ങൾവഴി സംപ്രേക്ഷണം ചെയ്തിരുന്നോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly